# പതിനാലാം കേരള നിയമസഭ
## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4625** 25.06.2019-ൽ മറുപടിയ്ക്ക്

**മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണ വായ്പ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യതൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് മുഖേന നേരിട്ട് നൽകിയിരുന്ന ഭവനനിർമ്മാണവായ്പ പുനഃസ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിക്കുമോ; | എ) ഉണ്ട്. ഭൂമിയുള്ള ഭവന രഹിതരായ അർഹതപ്പെട്ട എല്ലാവർക്കും 'ലൈഫ്' പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം നൽകുന്നുണ്ട്. 2018-19 വർഷത്തിൽ 1220 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ധനസഹായത്തിനായി പരിഗണിച്ചിട്ടുണ്ട്. ഭവന രഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ഭവനം ലഭ്യമാക്കുകയെന്നത് ലൈഫ് മിഷൻ മുഖേന ഫിഷറീസ് വകുപ്പ് ഉറപ്പാക്കാൻ ശ്രമിക്കും.<br><br>തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് നിലവിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്നത്. |
| ബി) ഇവരെ കടൽക്ഷോഭത്തിൽ നിന്നും പ്രകൃതിദുരന്തം മൂലമുണ്ടാകുന്ന കഷ്ടതകളിൽ നിന്നും രക്ഷിക്കുന്നതിന് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; | ബി) 2018-19 വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് 'കടൽ സുരക്ഷ', 'ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും' പദ്ധതികൾ പ്രകാരം 9 തീരദേശ ജില്ലകളിലുമായി മത്സ്യത്തൊഴിലാളികൾക്ക് ആകെ 566 ജി.പി.എസ് കളും 1132 ലൈഫ് ബോയെകളും നൽകിയിട്ടുണ്ട്. കൂടാതെ ഓഖി ദുരന്തത്തിന്റെ അടിസ്ഥാനത്തിൽ 40000 എണ്ണം ലൈഫ് ജാക്കറ്റുകൾ നൽകുന്നതിന് ഭരണാനുമതിയും ഫണ്ടും ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 9 തീരദേശ ജില്ലകളിലായി വിതരണം ചെയ്തുവരുന്നു. അതോടൊപ്പം കടലിൽ മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ വ്യതിയാനം സംബന്ധിച്ചുള്ള മുന്നറിയിപ്പ് നൽകുന്നതിനായി ISRO വികസിപ്പിച്ചെടുത്ത KELTRON നിർമ്മിക്കുന്ന 'നാവിക്' ഉപകരണങ്ങളും വിതരണം ചെയ്തു വരുന്നു. ഇതുകൂടാതെ മത്സ്യത്തൊഴിലാളികൾക്ക് കടലിൽ അത്യാവശ്യ ഘട്ടങ്ങളിൽ എത്ര ദൂരത്തിൽ നിന്നും ഒരു തടസ്സവും കൂടാതെ കരയിലേക്കും മറ്റും ആശയ വിനിമയം നടത്തുവാൻ സാധിക്കുന്ന സാറ്റലൈറ്റ് ഫോൺ സംവിധാനം |

(1000 എണ്ണം) വിതരണം ചെയ്തു വരുന്നു.

സംസ്ഥാനത്ത് തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിലായി 900 മത്സ്യത്തൊഴിലാളികളെയും 300 യാനങ്ങളെയും ഉൾപ്പെടുത്തി കടൽ രക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചു വരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ഗോവയിലെ കേന്ദ്രസർക്കാർ സ്ഥാപനമായ National Institute of Water Sports ൽ 15 ദിവസത്തെ പരിശീലനം നൽകിവരുന്നു. ഇതിനകം 317 മത്സ്യത്തൊഴിലാളികൾ പരിശീലനം പൂർത്തിയാക്കി കഴിഞ്ഞു.

കടൽ ക്ഷോഭത്തിൽ ഭവനരഹിതരാകുന്ന മത്സ്യത്തൊഴിലാളികളെ മാറ്റി പാർപ്പിക്കുന്നതിന് റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി കടലിൽ നിന്നും 50 മീറ്റർ പ്രദേശത്തിനുള്ളിൽ താമസിക്കുന്നവരായി കണ്ടെത്തിയ 18850 കുടുംബങ്ങളെ സുരക്ഷിത മേഖലയിലേക്ക് മാറ്റുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വസ്തുവും വീടിനുമായി 10 ലക്ഷം രൂപ വീതം അനുവദിക്കുന്നതിന് നീക്കിവച്ചിട്ടുണ്ട്.

| | |
|---|---|
| സി) രക്ഷാപ്രവർത്തനത്തിനായി ഓരോ മത്സ്യബന്ധന കേന്ദ്രത്തിനും സ്പീഡ് ബോട്ടുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ? | സി) നിലവിൽ 9 മറൈൻ ജില്ലകളിലും കടൽ രക്ഷാ പ്രവർത്തനങ്ങൾക്കായി ഓരോ റെസ്ക്യൂ ബോട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. മൺസൂൺ കാലയളവിലെ കടൽ രക്ഷാ പ്രവർത്തനങ്ങൾക്കായി ആകെ 20 ബോട്ടുകൾ 9 ജില്ലകളിൽ അനുവദിച്ചിട്ടുണ്ട്. ഓരോ മത്സ്യ ബന്ധന കേന്ദ്രത്തിനും സ്പീഡ് ബോട്ടുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ മൂന്ന് മറൈൻ ആംബുലൻസുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുകയും കൊച്ചി കപ്പൽ നിർമ്മാണശാലയിൽ അവയുടെ നിർമ്മാണം നടന്നുവരികയുമാണ്. |

**സെക്ഷൻ ആഫീസർ**